**പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം**
അമ്പലവയൽ, വയനാട്-673 593
കേരള കാർഷിക സർവ്വകലാശാല
മൊബൈൽ: 9188224421, ഫോൺ: 04936 260421/260561
ഇമെയിൽ: rarsamb@kau.in/adramb@kau.in

**നം.ഇ. 5071/2023** തീയതി. 20.11.2023

## ടെൻഡർ നോട്ടീസ്

കേരള കാർഷിക സർവ്വകലാശാലയുടെ ആഭിമുഖ്യത്തിൽ അമ്പലവയൽ മേഖലാ കാർഷിക ഗവേഷണ കേന്ദ്രത്തിൽ വച്ച് 2024 **ജനുവരി മാസം 01 മുതൽ 15** വരെ നടത്തുന്ന **അന്താരാഷ്ട്ര പുഷ്പഫല പ്രദർശന മേള "പൂപ്പൊലി 2024"**ന്റ ഭാഗമായി ചുവടെ കാണിച്ചിട്ടുള്ളവ ഏർപ്പാടാക്കി തരുന്നതിന് ഇത്തരം പ്രവർത്തികൾ നടത്തുന്ന വ്യക്തികൾ/ **GST രജിസ്ട്രേഷനുള്ള സ്ഥാപനങ്ങളിൽ** നിന്നും മുദ്രവച്ച ടെൻഡറുകൾ ക്ഷണിച്ചു കൊള്ളുന്നു.

**അന്താരാഷ്ട്ര പുഷ്പഫല പ്രദർശനമേള പൂപ്പൊലി 2024- ഐസ്ക്രീം സ്റ്റാളിനുള്ള ടെൻഡർ**

ഐസ്ക്രീം സ്റ്റാളുകൾ: 10 എണ്ണം (അടിസ്ഥാന വില : 50,000 രൂപ +18% ജി.എസ്.ടി.)

- 10 സ്റ്റാളുകളും ഒറ്റ ലോട്ടായാണ് ടെൻഡർ ക്ഷണിക്കുന്നത്.
- സ്റ്റാൾ അനുവദിക്കുന്ന സ്ഥലങ്ങൾ ടെൻഡർ സമർപ്പിക്കുന്നതിന് മുൻപ് നേരിട്ട് കണ്ട് ബോദ്ധ്യപ്പെടേണ്ടതാണ്.
- **ടെൻഡർ സമർപ്പിക്കുന്ന വ്യക്തിയുടെ ഐഡന്റിറ്റി തെളിയിക്കുന്ന രേഖ ടെൻഡറിനോടൊപ്പം നിർബന്ധമായും സമർപ്പിക്കേണ്ടതാണ്.**
- **ടെൻഡർ ലഭിക്കുന്ന ആൾക്കും, കൂടെയുള്ള തൊഴിലാളികൾക്കും ഈ സ്ഥാപനത്തിന്റെ ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ് നിർബന്ധമാണ്. ഇത് ലഭിക്കുന്നതിനായി ഫോട്ടോയും, തിരിച്ചറിയൽ കാർഡുകളും എക്സിബിഷൻ തുടങ്ങുന്നതിന് ഒരാഴ്ച മുൻപ് ഓഫീസിൽ ഹാജരാക്കേണ്ടതാണ്**
- **മേൽ ദിവസങ്ങളിൽ രാവിലെ 9 മണി മുതൽ രാത്രി 9 മണി വരെ മാത്രം ആയിരിക്കും എക്സിബിഷൻ സമയം**
- **ടെൻഡർ സംബന്ധമായ കൂടുതൽ വിവരങ്ങൾ 04936 260421 ഫോൺ നമ്പരിൽ നിന്നും അറിയാവുന്നതാണ്.**

ടെൻഡർ കവറിനുപുറത്ത് എഴുതേണ്ടത് :

**അന്താരാഷ്ട്ര പുഷ്പഫല പ്രദർശനമേള പൂപ്പൊലി 2024- ഐസ്ക്രീം സ്റ്റാളിനുള്ള ടെൻഡർ**

| | | |
|---|---|---|
| ടെൻഡർ ലഭിയ്ക്കേണ്ട അവസാന തിയതി, സമയം | : | **05 .12.2023, 2.00 p.m** |
| ടെൻഡർതുറക്കുന്ന തിയതി, സമയം | : | **05.12.2023, 2.30 p.m** |
| ടെൻഡർ സമർപ്പിക്കേണ്ട വിലാസം | | അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച്<br>മേഖലാ കാർഷിക ഗവേഷണ കേന്ദ്രം<br>അമ്പലവയൽ, വയനാട് |
| ടെൻഡർ ഫോം തുക | : | **7,000/- രൂപ+ജി. എസ്. ടി** |
| **നിരതദ്രവ്യം** | : | **15,000 /- രൂപ (ഡിഡി/പണം ആയി)** |
| സെക്യൂരിറ്റി ഡെപ്പോസിറ്റ് | : | **1,00,000 /- രൂപ (ഡിഡി ആയി ലഭിക്കുന്നവർ മാത്രം)** |

**ടെൻഡർ സംബന്ധിച്ച മറ്റു നിബന്ധനകൾ:**

1). കെ.എ.യു.വെബ്സൈറ്റിൽ നിന്നുമെടുത്ത ടെൻഡർ ഫോമിൽ ടെൻഡറുകൾ സമർപ്പിച്ചിരിക്കണം. ടെൻഡറിനോടൊപ്പം 200/- രൂപയുടെ മുദ്രപത്രത്തിൽ എഗ്രിമെന്റ് സമർപ്പിച്ചിരിക്കേണ്ടതാണ്.
2) നിശ്ചിത സമയത്തിനു ശേഷം ലഭിക്കുന്ന ടെൻഡറുകൾ പരിഗണിക്കുന്നതല്ല.
3) ടെൻഡറുകൾ നിർദ്ദിഷ്ട മാതൃകയിലുള്ള ഫോമിൽ തയ്യാറാക്കി സമർപ്പിക്കാവുന്നതാണ്.
4) ലേലം/ടെൻഡർ ഏറ്റവും കൂടുതൽ തുകകൾ രേഖപ്പെടുത്തുന്നവർക്ക് ആയിരിക്കും സ്റ്റാളുകൾ അനുവദിച്ചു നൽകുന്നത്.

5) ടെൻഡർ ലഭിക്കുന്നവർ ലേലത്തുക കൂടാതെ 18% ജി.എസ്.ടി. ഉൾപ്പെടെ ഉള്ള തുകയുടെ 1/3 ഭാഗം തുകയും ടെൻഡർ ഉറപ്പിക്കുന്ന ദിവസം തന്നെ നിർബന്ധമായും അടയ്ക്കേണ്ടതും അല്ലാത്തപക്ഷം ടെൻഡർ റദ്ദ് ചെയ്യുന്നതും നിരതദ്രവ്യം സ്ഥാപനത്തിന് മുതൽക്കൂട്ടുന്നതുമാണ്. ശേഷിക്കുന്ന തുക 10 ദിവസത്തിനുള്ളിൽ അടയ്ക്കേണ്ടതാണ്.

6) ടെൻഡർ ലഭിക്കുന്ന വ്യക്തി വിൽക്കുന്ന സാധനങ്ങൾക്ക് ആവശ്യമായ FSSAI സർട്ടിഫിക്കറ്റ്/ ലൈസൻസ് എന്നിവ നേടിയിരിക്കേണ്ടതാണ്.

7) ആവശ്യമായ ഭക്ഷ്യസുരക്ഷ, ശുചിത്വമാനദണ്ഡങ്ങളും പാലിക്കാതിരുന്നാൽ ലേലം/ടെൻഡർ ഉറപ്പിച്ച ഐസ്ക്രീം സ്റ്റാളിന്റെ പ്രവർത്തനാനുമതി, പ്രത്യേക മുന്നറിയിപ്പില്ലാതെ റദ്ദ് ചെയ്യുന്നതും നിരതദ്രവ്യം, ടെൻഡർതുക ഇവ സർവകലാശാലയ്ക്ക് മുതൽക്കൂട്ടാകുന്നതും നിയമാനുസൃതമായ മറ്റു മേൽ നടപടികളെടുക്കുന്നതുമായിരിക്കും.

8) വിൽക്കുന്ന സാധനങ്ങളുമായി ബന്ധപ്പെട്ട് ഏതെങ്കിലും സാഹചര്യത്തിൽ നിയമ പ്രശ്നമുണ്ടായാൽ അവയ്ക്ക് ഈ സ്ഥാപനം ഉത്തരവാദിയായിരിക്കുന്നതല്ല.

9) ഗ്രീൻ പ്രോട്ടോക്കോൾ അനുസരിച്ചു മാത്രമേ സ്റ്റാളുകളുടെ പ്രവർത്തനം നടത്താൻ പാടുള്ളു

10) ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക് വസ്തുക്കൾ കർശ്ശനമായി നിരോദിച്ചിരിക്കുന്നതിനാൽ ഇത്തരം വസ്തുക്കൾ സ്ററാളിൽ ഒഴിവാക്കേണ്ടതാണ്. കൂടാതെ സ്റ്റാളിൽ നിന്നുള്ള മാലിന്യങ്ങൾ യഥാ സമയം ഒഴിവാക്കുന്നതിന് കരാറുകാരൻ ബാധ്യസ്ഥനായിരിക്കും. ഇത് പാലിക്കാത്തവരിൽ നിന്നും വൃത്തിയാക്കുന്നതിനുള്ള തുക അവരുടെ സെക്യൂരിറ്റി ഡെപ്പോസിറ്റിൽ നിന്നും കിഴിവ് ചെയ്യുന്നതായിരിക്കും.

11) 10 സ്റ്റാളുകളും ഒറ്റ ലോട്ടായാണ് ടെൻഡർ ക്ഷണിക്കുന്നത്. എവിടെയൊക്കെയാണ് ഐസ്ക്രീം സ്റ്റാളുകൾ എന്നത് ടെൻഡറിനുമുമ്പ് നേരിട്ട് കണ്ട് ബോദ്ധ്യപ്പെടേണ്ടതാണ്.

12) ഒരു യൂണിറ്റിന് 2 ഫ്രീസർ ഉപയോഗിക്കാൻ ആവശ്യമായ വൈദ്യുതി നൽകുന്നതാണ് (350 വാട്ട്സിന്റെ 2 എണ്ണം).

13) നിരതദ്രവ്യം അസ്സോസിയേറ്റ് ഡയറക്ടറുടെ പേരിൽ മാറാവുന്ന ഡിമാൻഡ് ഡ്രാഫ്റ്റ് / പണം ആയി മാത്രമേ സ്വീകരിക്കുകയുള്ളൂ.

14) ആദ്യം പൊതു ലേലവും തുടർന്ന് ടെൻഡർതുറക്കുന്നതും ആവശ്യമെങ്കിൽ അന്നേദിവസം തന്നെ സന്നിഹിതരായവരുടെ സാന്നിധ്യത്തിൽ പുനർ ലേലം നടത്തുന്നതുമാണ്.

15) കാരണം കാണിക്കാതേയും യാതൊരു മുന്നറിയിപ്പില്ലാതേയും പ്രവർത്തനാനുമതി റദ്ദ് ചെയ്യാനുള്ള പൂർണ്ണ അധികാരം അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ചിൽ നിക്ഷിപ്തമായിരിക്കും.

16) സർക്കാർ ടെൻഡർലെ എല്ലാ നിബന്ധനകളും ഈ ടെൻഡറുകൾക്ക് ബാധകമാണ്. നികുതികൾ ബാധകമാണെങ്കിൽ അത് ടെൻഡർ ലഭിച്ച വ്യക്തിയിൽ നിന്നും ഈടാക്കുന്നതാണ്.

17) ടെൻഡർ കാലയളവിൽ സ്വീകരിച്ചിരിക്കുന്ന നിരക്ക് യാതൊരു കാരണവശാലും കുറയ്ക്കുന്നതല്ല. ടെൻഡർദിവസം അവധി പ്രഖ്യാപിക്കുകയോ പൊതുജനങ്ങൾക്ക് യാത്രാ തടസ്സം ഉണ്ടാകുകയോ ചെയ്താൽ തൊട്ടടുത്ത പ്രവൃത്തി ദിനത്തിൽ രാവിലെ 03.30 ന് ടെൻഡർതുറക്കുന്നതാണ്.

18) കൂടുതൽ വിവരങ്ങൾ പ്രവർത്തി ദിനങ്ങളിൽ ഓഫീസിൽ നിന്ന് അറിയാവുന്നതാണ്.

(ഒപ്പ്/-)

**അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച്**

നോട്ടീസ് ബോർഡ്

പകർപ്പ് : അമ്പലവയൽ ഗ്രാമ പഞ്ചായത്ത്,
അമ്പലവയൽ വില്ലേജ് ഓഫീസ്, കെവികെ വയനാട്,
കൃഷിഭവൻ, കെഎയു വെബ് സൈറ്റ്, ബിൽ സെക്ഷൻ